EC

# കേരള സർക്കാർ

07449

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരളത്തിലെ 6-ാമത് സാമ്പത്തിക സെൻസസ്-വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിൽ നിന്നുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സ.ഉ 80 /2013/ആ.സാ.കാ. തീയതി : തിരുവനന്തപുരം 22/2/2013.

പരാമർശം:- (1). സ്റ്റേറ്റ്ലവൽ സ്റ്റിയറിംഗ് കമ്മറ്റിയുടെ 16.7.12-ലെ മീറ്റിംഗിന്റെ മിനിട്സ്.
(2). ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ 7.2.13 -ലെ ഇ.സി.10487/10/ഡി.ഇ.എസ്. നമ്പർ കത്ത്.

## ഉത്തരവ്

ആറാമത് സാമ്പത്തിക സെൻസസ് 2013 ഏപ്രിൽ-ജൂൺ കാലയളവിൽ നടത്തേണ്ടതാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ആറാമത് സാമ്പത്തിക സെൻസസിന്റെ നടത്തിപ്പിനാവശ്യമായ നടപടികൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരികയാണെന്നും ബൃഹത്തായ ഈ സെൻസസിന്റെ ഫീൽഡ് സർവ്വേയുടെ മേൽനോട്ടം വകുപ്പിന്റെ വിവിധ തലങ്ങളിൽ നിർവഹിക്കേണ്ടതുള്ളതിനാൽ ഇത് നിർവഹിക്കുന്നതിന് മറ്റ് വകുപ്പുകളിൽ ജോലിചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിന് പരാമർശം 1 പ്രകാരമുള്ള മീറ്റിംഗിൽ ധാരണയായതിൻപ്രകാരം ടി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 6-ാമത് സാമ്പത്തിക സെൻസസിന്റെ ആവശ്യങ്ങൾക്കായി വിവിധവകുപ്പുകളിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിൽ നിന്നുള്ള ജീവനക്കാരുടെ സേവനം ആവശ്യാനുസരണം വിട്ടുകൊടുക്കുന്നതിന് വകുപ്പ് തലവൻമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.റെജി വർഗീസ്
അഡീഷണൽ സെക്രട്ടറി

1. ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ വകുപ്പു തലവൻമാർക്കും (ഇക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് വകുപ്പ് ഡയറക്ടർ, മുഖേന )
3. ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ.

4. കമ്മീഷണർ, കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്.
5. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം.
8. രജിസ്ട്രാർ, കേരള ഹൈക്കോടതി
9. സെക്രട്ടറി, കേരള നിയമസഭ.
10. ആസൂത്രണ സാമ്പത്തിക കാര്യ (CPMU) വകുപ്പ്.
11. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
12. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**